# വൈകിയ വസന്തം



എൻെറ സങ്കല്പത്തിൻെറ
നന്ദന വനങ്ങളിൽ
മംഗല മയൂഖമേ!
നീ വരൂ കിനാവു പോൽ.

പൂവുകൾ വിതറി ഞാൻ
കാത്തിരിക്കുന്നു നിൻെറ
കാലിണ പതിയേണ്ടൊ–
രീ വനതടങ്ങളിൽ.

മാധവ മാസത്തിൻെറ
മാധുരി, പുളകത്തിൻ
പൂക്കുലയണിയിച്ച
വനമുല്ലയെപ്പോലെ

വിരിയാൻ വിതുമ്പുമെൻ
മുഗ്ധസങ്കല്പത്തിൻെറ
കവിളിൽ ച്ചുംബിക്കുവാൻ
വൈകി നീ വസന്തമേ!

പുഷ്പതാലവുമേന്തി–
ബ്ഭദ്രദീപവുമായി–
ട്ടെൻെറ ഭാവന വന്നു
നിന്നെയിന്നെതിരേൽക്കേ

ചന്ദ്രിക നൃത്തം ചെയ്യു–
മീ നിശീഥത്തിൽ, വീണ–
ക്കമ്പികൾ തെരുപ്പിടി–
ച്ചപ്പുറമിരിപ്പൂ നീ.

പോരികെൻ ദുഃഖത്തിൻെറ
മുൾക്കിരീടവും ചൂടി
പോരികെന്നാഹ്ലാദത്തിൻ
പാനപാത്രവുമായി. ■

1965 കൗമുദി വാരിക